(ഡി) പണി പൂർത്തിയായി പത്ത് ദിവസത്തിനകം ലൈസൻസുകൾ കമ്മീഷൻ ചെയ്യാൻ കഴിയും എന്ന് റെയിൽവേ അധികൃതർ അറിയിച്ചിട്ടുണ്ട്.

കുറ്റിപ്പുറം-ഗുരുവായൂർ റെയിൽവേ ലൈൻ പണി

118 (2831) ശ്രീ. എം. കെ. മുനീർ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. കെ.പി.എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറ്റിപ്പുറം-ഗുരുവായൂർ റെയിൽവേ ലൈൻ പണിയുന്നതിന്റെ നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ റെയിൽപാതയുടെ പണി അടുത്ത സാമ്പത്തികവർഷം എത്രത്തോളം നടത്തുവാനാണ് പദ്ധതിയിട്ടിരിക്കുന്നതെന്ന് അറിവുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(സി) ഇതിനായി എന്തു തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇല്ലെങ്കിൽ റെയിൽവേ ബഡ്ജറ്റിൽ കേരളത്തെ അവഗണിച്ചതിന് പരിഹാരമായി അനുവദിക്കുന്ന ജോലികളിൽ കുറ്റിപ്പുറം-ഗുരുവായൂർ പാതയുടെ പണി കൂടി ഉൾപ്പെടുത്താൻ നിവേദനം നൽകുമോ ?

ഉത്തരം

(എ &ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) ഈ സാമ്പത്തിക വർഷം 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

കേരളത്തിൽ നിന്നുള്ള റെയിൽവേ വരുമാനം

119 (2832) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ നിന്ന് റെയിൽവേയ്ക്ക് ഓരോ വർഷവും എന്ത് വരുമാനമാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) കഴിഞ്ഞ 5 വർഷങ്ങളിലായി കേരളത്തിലെ റെയിൽവേ വികസനത്തിനുവേണ്ടി കേന്ദ്രം എന്തു തുക അനുവദിച്ചിട്ടുണ്ട് ; ഓരോ വർഷത്തെ കണക്കുകൾ വെളിപ്പെടുത്താമോ ;

(സി) കേരളത്തിന് ഒരു റെയിൽവേ സോൺ അനുവദിക്കാൻ കേന്ദ്രത്തോട് ആവശ്യപ്പെടുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീമതി സീമയ്ക്ക് സമാശ്വാസ തൊഴിൽ പദ്ധതി പ്രകാരമുള്ള ജോലി

120 (T 2833) പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലഗതാഗത വകുപ്പിൽ സമാശ്വാസ തൊഴിൽ പദ്ധതി അനുസരിച്ച് ജി.ഒ.(എം.എസ്.)1/2000/ട്രാൻ. തീയതി 3-1-2000 പ്രകാരം ശ്രീമതി സീമാ ടി.എം. തയ്യിൽ, തിരുവഞ്ചിക്കുളം, കൊടുങ്ങല്ലൂർ എന്നയാളിന് ജലഗതാഗത വകുപ്പ് ഡയറക്ടറുടെ 22-1-2000 ത്തിലെ ഇ1/19862/97-ാം നമ്പർ ഉത്തരവ് പ്രകാരം നിയമനം നൽകിയിരുന്നോ ;

(ബി) പ്രസ്തുത ഉത്തരവനുസരിച്ച് ശ്രീമതി സീമ ജോലിയിൽ പ്രവേശിക്കുന്നതിനായി ജലഗതാഗത വകുപ്പിന്റെ എറണാകുളം മേഖലാ ആഫീസിൽ ഹാജരായിരുന്നോ ;

(സി) എന്ത് കാരണത്താലാണ് ശ്രീമതി സീമയെ ജോലിയിൽ പ്രവേശിപ്പിക്കാത്തതെന്ന് വിശദമാക്കുമോ ;

(ഡി) ശ്രീമതി സീമയെ ഇനിയെന്ന്, എപ്പോൾ വരുന്ന വേക്കൻസിയിൽ ജോലിയിൽ പ്രവേശിപ്പിക്കുമെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) നൽകിയിരുന്നു.

(ബി) ഹാജരായിരുന്നു.

(സി-ഡി) 3-1-2000 ലെ ജി.ഒ. (എം.എസ്.) 1/2000/ട്രാൻ. നമ്പർ ഉത്തരവു പ്രകാരം ശ്രീമതി ടി.എം. സീമയ്ക്ക് സമാശ്വാസ തൊഴിൽ പദ്ധതി പ്രകാരം ജലഗതാഗത വകുപ്പിൽ എൽ.ഡി. ക്യാഷ്യറായി നിയമനം നൽകുകയുണ്ടായി. എന്നാൽ ശ്രീമതി സീമയെക്കാൾ മുൻപ് സമാശ്വാസ തൊഴിൽ പദ്ധതി പ്രകാരം തൊഴിൽ ലഭിക്കാൻ അപേക്ഷ നൽകിയ ശ്രീമതി ജെസിജമ്മയ്ക്കാണ്. ആദ്യം നിയമനം നൽകേണ്ടിയിരുന്നത് എന്ന് പൊതുഭരണ (സെൽ ജി .ഇ.) വകുപ്പ് ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി ടി. എം. സീമയ്ക്ക് നൽകിയ നിയമന ഉത്തരവ് മരവിപ്പിക്കുകയും പ്രസ്തുത വേക്കൻസിയിൽ സീനിയർ അപേക്ഷകയായ ശ്രീമതി ജെസിജമ്മയെ നിയമിക്കുന്നതിനും ജലഗതാഗത വകുപ്പിൽ അടുത്തതായി ഉണ്ടാകുന്ന ഒഴിവിൽ ശ്രീമതി ടി. എം. സീമയെ നിയമിക്കാനും സർക്കാർ നടപടി സ്വീകരിച്ചുവരുന്നു.

T - മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly